# ജില്ലാ കോടതി, കൽപ്പറ്റ, വയനാട്

നം. 01/2020 (ജെ.എസ്.-II)

കൽപ്പറ്റ നോർത്ത് പി. ഒ.,
വയനാട്, പിൻ – 673122,
ഫോൺ: 04936-202277,
തിയ്യതി : 06.11.2020.

## പരിപത്രം

വിഷയം: - നീതിന്യായ വകുപ്പ്, കൽപ്പറ്റ – കോവിഡ്-19 വ്യാപനം തടയുന്നതിനുള്ള പ്രവർത്തനങ്ങൾ – മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.

സൂചന : - 1. 14.10.2020 തിയ്യതിയിലെ സ.ഉ.(സാദാ) നം.814/2020/ദു.നി.വ.
2. 22.09.2020 തിയ്യതിയിലെ സ.ഉ.(സാദാ)നം.756/2020/ദു.നി.വ.
3. 02.07.2020 തിയ്യതിയിലെ സ.ഉ.(കൈ)നം.128/2020/പൊ.ഭ. വ.
4. ബഹു. കേരളാ ഹൈക്കോടതിയുടെ 19.06.2020 തിയ്യതിയിലെ ഔ. മെ. നം.ഡി1-3/27275/2020.
5. ബഹു. കേരളാ ഹൈക്കോടതിയുടെ 23.09.2020 തിയ്യതിയിലെ ഔ. മെ. നം.ഡി1-3/27275/2020.

*** *** ***

വയനാട് ജില്ലയിൽ നീതിന്യായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കോടതികളിൽ കോവിഡ് -19 വ്യാപനം ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓഫീസുകളുടെയും ജീവനക്കാരുടെയും പ്രവർത്തനങ്ങളെ സംബന്ധിച്ച് ചുവടെ കൊടുത്തിരിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഓഫീസുകളിൽ ജീവനക്കാരുടെ ഇരിപ്പിടങ്ങൾ സ്ഥല ലഭ്യത അനുസരിച്ച് സാമൂഹിക അകലം പാലിക്കുന്ന വിധത്തിൽ ക്രമീകരിക്കേണ്ടതാണ്.

2. ജീവനക്കാർ കൃത്യമായ ഇടവേളകളിൽ കൈകൾ സാനിറ്റൈസർ ഉപയോഗിച്ചോ, സോപ്പ് ഉപയോഗിച്ചോ, കഴുകി ശുചിയാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3. പനി, ജലദോഷം, കഠിനമായ ശരീരവേദന തുടങ്ങിയ രോഗലക്ഷണങ്ങൾ ഉള്ള ജീവനക്കാർ യാതൊരു കാരണവശാലും ഓഫീസുകളിൽ ഹാജരാക്കരുത്.

4. ഓഫീസിൽ ഹാജരാകുന്ന എല്ലാ ജീവനക്കാരും നിർബന്ധമായും മൂക്കും വായയും മറയ്ക്കത്തക്ക വിധത്തിൽ മാസ്ക് ധരിക്കേണ്ടതാണ്.

5. ഓഫീസിലേക്ക് പ്രവേശിക്കുന്ന ജീവനക്കാരെയും മറ്റുള്ളവരെയും സാധ്യമെങ്കിൽ തെർമൽ സ്കാനർ ഉപയോഗിച്ച് ശരീരോഷ്മാവ് പരിശോധിച്ച് കടത്തി വിടേണ്ടതാണ്.

6. ജോലിക്കെത്തുന്നവർ പരമാവധി അവരവരുടെ സെക്ഷനുകളിൽ/ ഓഫീസ് മുറിയിൽ ഒതുങ്ങിനിന്ന് പ്രവർത്തിക്കേണ്ടതാണ്. മറ്റ് സെക്ഷനുകളിലേക്കോ ഓഫീസുകളിലേക്കോ ഉള്ള സന്ദർശനങ്ങൾ പരമാവധി ഒഴിവാക്കേണ്ടതാണ്.

7. ഓഫീസ് ഉപയോഗത്തിനുള്ള സാനിറ്റൈസർ, കൈയ്യുറകൾ എന്നിവ 'ഓഫീസ് ഫണ്ട് - മറ്റിനങ്ങൾ' ഉപയോഗിച്ച് വാങ്ങാവുന്നതാണ്.

8. ജീവനക്കാർ ഓഫീസ് വരാന്തകളിൽ കൂട്ടം കൂടി നിൽക്കുകയോ, കൂട്ടം കൂടിയിരുന്ന് ഭക്ഷണം പങ്കിട്ട് കഴിക്കുകയോ ചെയ്യരുത്.

9. ഓഫീസിൽ ജോലി ചെയ്യുന്ന ഏതെങ്കിലും ജീവനക്കാരൻ കോവിഡ് - 19 പോസിറ്റീവാകുന്ന പക്ഷം അദ്ദേഹവുമായി അടുത്ത ബന്ധം പുലർത്തിയ മറ്റ് ജീവനക്കാരെയെല്ലാം ആരോഗ്യവകുപ്പിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ച് ക്വാറന്റെയിനിൽ പ്രവേശിപ്പിക്കേണ്ടതാണ്. ഇക്കാര്യത്തിനായി ജീവനക്കാരുടെ ഫോൺ നമ്പർ ഉൾപ്പെടുന്ന വിലാസം ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലത്തെ ആരോഗ്യ വിഭാഗത്തിന് കൈമാറേണ്ടതാണ്. കൂടാതെ ഓഫീസിൽ അണുനശീകരണം നടത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

10. ഒന്നിൽ കൂടുതൽ ജീവനക്കാർ ഓഫീസിൽ കോവിഡ് 19 പോസിറ്റിവാകുന്ന പക്ഷം ഏറ്റവും കുറഞ്ഞ സമ്പർക്കം പുലർത്തിയ ജീവനക്കാരെ

മാത്രം വെച്ച് ഓഫീസ് പ്രവർത്തിപ്പിക്കേണ്ടതാണ്.

11. കോടതി മുറികളിൽ കക്ഷികളുടെയും അഭിഭാഷകരുടെയും ബാഹുല്യം പരമാവധി കുറക്കേണ്ടതും ഒരേ സമയം പത്ത് ആളുകളിലധികം കോടതിമുറിയിലേക്ക് പ്രവേശിപ്പിക്കാൻ പാടില്ലാത്തതുമാണ്.

12. ഫീൽഡ് ഡ്യൂട്ടിയിലുള്ള ജീവനക്കാർ ആളുകളുമായി സമ്പർക്കത്തിലേർപ്പെടുമ്പോൾ ശ്രദ്ധപുലർത്തേണ്ടതും രേഖകളിൽ ഒപ്പ് വാങ്ങിക്കുന്നതിന് മുമ്പായി സാനിറ്റൈസർ നൽകി കൈകൾ ശുചിയാക്കുവാൻ നിർദ്ദേശിക്കേണ്ടതുമാണ്.

13. കക്ഷികളുടെ ബാഹുല്യം അധികമുള്ള കോടതികളിൽ ബെഞ്ച് ഡ്യൂട്ടി ചെയ്യുന്ന ജീവനക്കാർ ഫെയ്സ് ഷീൽഡ് പോലുള്ള പ്രതിരോധ മാർഗങ്ങൾ സ്വീകരിക്കേണ്ടതാണ്.

മേൽ വിവരിച്ചവ കൂടാതെ കേരളാ സർക്കാരും ബഹു. കേരളാ ഹൈക്കോടതിയും നിലവിൽ പുറപ്പെടുവിച്ചിട്ടുള്ള എല്ലാ മാർഗ്ഗ നിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതാണ്. ഇക്കാര്യങ്ങൾ എല്ലാ ഓഫീസ് മേധാവികളും ജീവനക്കാരുടെ ശ്രദ്ധയിൽ കൊണ്ടുവരികയും കൃത്യമായി പാലിക്കപെടുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

ജില്ലാ ജഡ്ജി

DISTRICT AND SESSIONS COURT
KALPETTA, WAYANAD, PIN: 673 122

കൽപ്പറ്റ നീതിന്യായ വകുപ്പിലെ
എല്ലാ ഓഫീസ് മേധാവികൾക്കും.

<u>പകർപ്പ്:-</u>

1. നോട്ടീസ് ബോർഡ്
2. കോടതി വെബ്സൈറ്റ്
3. സർക്കുലേഷൻ

J/-